**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1085** **29-06-2026-ൽ മറുപടിയ്ക്ക്**

**പട്ടയം അപേക്ഷകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** പാറശ്ശാല മണ്ഡലത്തിലെ അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ടി നടപടികൾ എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

**മറുപടി:** കാട്ടാക്കട താലൂക്കിലെ വാഴിച്ചൽ, അമ്പൂരി, കള്ളിക്കാട് വില്ലേജുകളിലെ അഞ്ചുചങ്ങല പ്രദേശത്ത് നിന്നും 1362 പേരാണ് നിലവിൽ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ആയതിൽ പട്ടയമിഷന്റെ ഭാഗമായി നിയമിച്ചിരുന്ന താത്കാലിക സർവ്വേയർമാർ 706 അപേക്ഷകളിൽ സർവ്വേ സ്കെച്ച് തയ്യാറാക്കിയിട്ടുണ്ട്. ഇറിഗേഷൻ വകുപ്പ് MFL (Maximum Flood Level), FRL (Full Reservoir Level) എന്നിവ ഫിക്സ് ചെയ്തിട്ടില്ലാത്തതിനാൽ പ്രസ്തുത നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ ടി അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ച് 1964 ലെ ഭൂമിപതിവ് ചട്ടപ്രകാരം അർഹരായവർക്ക് പട്ടയം നല്കുവാൻ സാധിയ്ക്കുകയുള്ളൂ.

**(ബി)** അമ്പൂരി ഗ്രാമപഞ്ചായത്തിലെ വനമേഖലയിൽ 2006-ലെ വനാവകാശ നിയമപ്രകാരം കൈവശാവകാശരേഖ ലഭിച്ചവരുടെ ഭൂമി ഫോറസ്റ്റ് വില്ലേജിൽ നിന്നും മാറ്റി റവന്യൂ വില്ലേജ് ആക്കി നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത നടപടികൾ എന്നേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ഫോറസ്റ്റ് വില്ലേജുകൾ റവന്യൂ വില്ലേജുകളാക്കി പരിവർത്തനപ്പെടുത്തുന്നതിന്റെ ആദ്യപടിയായി നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ നേതൃത്വത്തിൽ ഐ.റ്റി.ഡി.പി പ്രൊജക്ട് ഓഫീസർ, നെടുമങ്ങാട് മുഖാന്തരം നാളിതുവരെ നല്കിയിട്ടുള്ള വനാവകാശ രേഖ (ROR) യുടെ ഡാറ്റ ശേഖരിച്ച് സപ്ലിമെന്ററി ബി.റ്റി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും, റവന്യൂ വകുപ്പിന്റെ ഭൂനികുതി സ്വീകരിയ്ക്കുന്ന പോർട്ടലായ ReLIS ൽ ടി ഭൂമികൾക്ക് നികുതി ഒടുക്കുന്നതിനുള്ള മൊഡ്യൂൾ തയ്യാറാക്കിയിട്ടുമുണ്ട്. തിരുവനന്തപുരം ജില്ലയിൽ 49 ഉന്നതികൾ ഉള്ളതാണെന്നും ടി പരിവർത്തനം ചെയ്യുന്ന ഉന്നതികളിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവ രേഖപ്പെടുത്തി എഫ്.എം.ബി മാതൃകയിൽ സ്കെച്ച് തയ്യാറാക്കുന്ന പ്രവൃത്തികൾ ജില്ലാ സർവ്വേ സൂപ്രണ്ട് മുഖേന നടന്നു വരുന്നു. ആയത് എത്രയും പെട്ടെന്ന് പൂർത്തീകരിയ്ക്കുന്നതാണ്.

**(സി)** പെരുങ്കടവിള, കീഴാറൂർ വില്ലേജുകളിൽ 'രാജപാത' പുറമ്പോക്ക് പ്രദേശത്ത് താമസിക്കുന്നവരിൽ നിന്നും പട്ടയത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ;

ഇതിൽ എത്രയെണ്ണത്തിൽ പരിശോധന പൂർത്തിയാക്കി അർഹരായവരെ കണ്ടെത്തിയിട്ടുണ്ട്; രാജപാത പുറമ്പോക്ക് ഭൂമിക്ക് പട്ടയം നൽകുന്നതിന് നിലനിൽക്കുന്ന സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണെന്നും അവ പരിഹരിച്ച് പട്ടയ വിതരണം എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കീഴാറ്റൂർ വില്ലേജിൽ 14 അപേക്ഷകളും പെരുങ്കടവിള വില്ലേജിൽ 41 അപേക്ഷകളുമാണ് നിലവിൽ രാജപാത പുറമ്പോക്ക് ഭൂമിപതിവ് അപേക്ഷകളായി ലഭ്യമായിട്ടുള്ളത്. ആയതിൽ പ്രാഥമിക പരിശോധന നടന്നുവരുന്നു. റോഡ് പുറമ്പോക്കായതിനാൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും നിരാക്ഷേപപത്രം ലഭ്യമാക്കേണ്ടതും ആയത് കൂടി പരിശോധിച്ച് കാലതാമസം കൂടാതെ അർഹരായവർക്ക് പട്ടയം നല്കുന്നതുമാണ്.

**(ഡി)** മണ്ഡലത്തിലെ അർഹരായ മുഴുവൻ പട്ടയ അപേക്ഷകർക്കും വേഗത്തിൽ പട്ടയം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** അർഹരായ മുഴുവൻപേർക്കും പട്ടയം അനുവദിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**